# കേരള  നോളജ് ഇക്കോണമി മിഷനിൽ റിസർച്ച് ഇന്റേൺഷിപ്പിന് അവസരം

2026-ഓടു കൂടി 20 ലക്ഷം വിജ്ഞാന തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കേരള സംസ്ഥാനത്തെ ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥയാക്കുക എന്ന ലക്ഷ്യത്തോടെ കെ-ഡിസ്കിനു കീഴിൽ സംസ്ഥാന സർക്കാർ ആരംഭിച്ചിരിക്കുന്ന പദ്ധതിയാണ് കേരള നോളജ് ഇക്കോണമി മിഷൻ (KKEM).

കേരളത്തിലെ 1200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സ്കിൽ ഗ്യാപ്പുകൾ കണ്ടെത്തി അനുയോജ്യമായ നൈപുണ്യ പരിശീലന പരിപാടികൾ നിർദ്ദേശിക്കുക എന്നതാണ് KKEM ന്റെ പ്രാഥമിക ലക്ഷ്യം. സികിൽ ഗ്യാപ് പഠനം നടത്തുന്നതിനായി, ഡാറ്റ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും വൈദഗ്ധ്യവും അറിവുമുള്ള വ്യക്തികളുടെ പങ്കാളിത്തം ആവശ്യമാണ്. കേരളത്തിലുടനീളം നടപ്പാക്കാനുദ്ദേശിച്ചിരിക്കുന്ന പ്രസ്തുത പ്രോജക്ടിലേയ്ക്കായി റിസർച്ച് ഇന്റേൺസിനെ ജില്ലാടിസ്ഥാനത്തിൽ താത്കാലികമായി നിയമിക്കുന്നു.

താല്പര്യമുള്ളവർക്ക് www.knowledgemission.kerala.gov.in/ എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്

തസ്തിക : റിസർച്ച്  ഇന്റേൺ

അവസാന വർഷ ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികൾക്ക് മുൻഗണന.

കാലാവധി : 12 ആഴ്ച / 3 മാസം

ഒഴിവ്: കേരളത്തിലുടനീളം

വിജയകരമായി റിസർച്ച്  ഇന്റേൺഷിപ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

റിസർച്ച് ഇന്റേൺഷിപ്പിന് അപേക്ഷിച്ചവർക്കായി സ്ക്രീനിംഗ് ടെസ്റ്റും ഓറിയന്റേഷനും ഉണ്ടായിരിക്കുന്നതാണ്.

## റിസർച്ച്  ഇന്റേൺഷിപ്പിന് അപേക്ഷിക്കേണ്ട വിധം

Step 1: https://www.knowledgemission.kerala.gov.in/ എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്യുക

Step 2: Job seeker  എന്ന ടാബിൽ ക്ലിക്ക് ചെയ്യുക

Step 3: നിങ്ങളുടെ പ്രൊഫൈൽ പൂർത്തിയാക്കുക

Step 4: Internship എന്ന ടാബിൽ ക്ലിക്ക് ചെയ്യുക

Step 5: നിങ്ങളുടെ റെസ്യൂമേ അപ്ലോഡ് ചെയ്ത് ഇന്റേൺഷിപ്പിന് അപേക്ഷിക്കുക.

ഇതു കൂടാതെ ചുവടെ ചേർത്തിരിക്കുന്ന ഗൂഗിൾ ഫോമിലൂടെയും അപേക്ഷിക്കാവുന്നതാണ്.

https://forms.gle/vaiKME37jQiJCBDE7

**കൂടുതൽ വിവരങ്ങൾക്ക് : 8893515919**